"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട എ.എസ്.സജിതയുടെ മകളായ കുമാരി.ഗീതിക രവീന്ദ്രൻ-ന് ആശ്രിതനിയമനപദ്ധതി പ്രകാരം മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.2166/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ(അച്ചടി)നം.12/1999/ഉഭപവ
2. കുമാരി.ഗീതിക രവീന്ദ്രൻ-ന്റെ 10.05.2022-ലെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.07.2022 ലെ E2/8591/CES/CE/LID&EW നമ്പർ കത്ത്.

4) തൃശ്ശൂർ ജില്ലാ കളക്ടറുടെ 27.09.2023 ലെ എ6-9223/2022 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ LID&EW സബ് ഡിവിഷനിൽ ഒന്നാംതരം ഓവർസിയർ ആയിരിക്കേ 31.12.2021 ൽ മരണപ്പെട്ട എ.എസ്.സജിതയുടെ മകളായ കുമാരി.ഗീതിക രവീന്ദ്രൻ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതയുടെ ആകെ സേവനകാലം 7 വർഷവും 9 മാസവും 20 ദിവസവുമാണ്.

2 ) അപേക്ഷകയുടെ ജനനതീയതി 16.11.1999 ആകയാൽ ടിയാരിയ്ക്ക് ഇപ്പോൾ 23 വയസ്സുണ്ട്. ടിയാരി തൃശ്ശൂർ ജില്ലയിൽ മൂന്നാംതരം ഓവർസിയർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാരി എസ്.എസ്.എൽ.സി., സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പരീക്ഷകൾ വിജയിച്ചിട്ടുള്ളതിനാൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3 ) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും തൃശ്ശൂർ ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 4 പ്രകാരം കുമാരി.ഗീതിക രവീന്ദ്രൻ-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. കുമാരി.ഗീതിക രവീന്ദ്രൻ, പരേതയായ എ.എസ്.സജിതയുടെ മകളാണ്. കുമാരി.ഗീതിക രവീന്ദ്രൻ-ന്റെ പിതാവായ ശ്രീ.രവീന്ദ്രൻ, സഹോദരിയായ കീർത്തന രവീന്ദ്രൻ എന്നിവർ കുമാരി.ഗീതിക രവീന്ദ്രൻ-ന് ആശ്രിതനിയമനപദ്ധതി

പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. കുമാരി.ഗീതിക രവീന്ദ്രൻ, ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പിതാവിനെയും സഹോദരിയേയും മരണം വരെ സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതയുടെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയാണ് എന്ന് തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഓവർസീയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട എ.എസ്.സജിതയുടെ മകളായ കുമാരി.ഗീതിക രവീന്ദ്രൻ-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതയുടെ സർവീസ് ബുക്കിലും, പരേത ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5 ) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷവും അപേക്ഷകയിൽ നിന്നും "സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം തന്റെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25 % തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതിന് തനിക്ക് സമ്മതമാണ്" എന്ന സമ്മതപത്രം കൂടി വാങ്ങിയ ശേഷവും ടിയാരിയ്ക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ മൂന്നാംതരം ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. തൃശ്ശൂർ ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡീഷണൽ സെക്രട്ടറി

1. കുമാരി. ഗീതിക രവീന്ദ്രൻ, പൊന്നരശ്ശേരി ഹൗസ്, 4/835, ഫീൽഡ് നഗർ, കോലഴി.പി.ഒ, തൃശ്ശൂർ-680010 (രജിസ്റ്റേഡ് തപാൽ മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (എ.എസ്.സജിതയുടെ-.യുടെ സർവ്വീസ് ബുക്ക് സഹിതം)
3. ജില്ലാ കളക്ടർ, തൃശ്ശൂർ
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 03-11-2023 16:42:24